പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 215 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക

ചോദ്യം

ശ്രീ.എം. സ്വരാജ്

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ മറ്റ് സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള ട്രാൻസ്പോർട്ട് ഭവൻ കെട്ടിടത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾക്ക് വാടകക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ളതും, നിർമ്മാണം പൂർത്തീകരിച്ചതുമായ കാട്ടാക്കട, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാസർഗോഡ്, കണ്ണൂർ, പയ്യന്നൂർ, ചേർത്തല ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾ പലിശ രഹിത കരുതൽ ധനം (IFSD) ഈടാക്കി, പ്രതിമാസ വാടക ഈടാക്കി കച്ചവടസ്ഥാപനങ്ങൾക്കും, സ്വകാര്യ, ധനകാര്യ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കാസർഗോഡ്, പയ്യന്നൂർ, പാലക്കാട്, |

| | | | |
|---|---|---|---|
| | | | ഗുരുവായൂർ, തൃശ്ശൂർ, ചാലക്കുടി, ആലുവ, എറണാകുളം, പെരുമ്പാവൂർ, റീജിയണൽ വർക് ഷോപ്പ് മാവേലിക്കര, പുനലൂർ, കൊല്ലം എന്നീ ബസ് സ്റ്റേഷനുകളിൽ വാടക അടിസ്ഥാനത്തിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിൽ എത്ര കുടിശ്ശിക ഉണ്ടെന്ന് അറിയിക്കുമോ; കുടിശ്ശിക വരുത്തിയവരുടെ വിശദാംശം അറിയിക്കുമോ; | (സി) | കൊല്ലം ബസ് സ്റ്റേഷനിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ 19,97,973/- രൂപയും, പുനലൂർ ബസ് സ്റ്റേഷനിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 3,88,485/- രൂപയും ലഭിക്കുവാനുണ്ട്. |
| (ഡി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തടസ്സമെന്തെന്ന് അറിയിക്കുമോ? | (ഡി) | കോടതി വ്യവഹാരം നിലവിലുള്ളതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**